ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

നമ്പർ. എഡി.ഡി/9828/എസ്.എസ്.യു.എസ്/18 തീയതി: 24.07.2018

പത്രക്കുറിപ്പ്
(എല്ലാ എഡീഷനുകളിലേക്കും)

കാലടി ശ്രീ ശങ്കരാചാര്യ സർവകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ പ്രതിമാസം 17,000/- രൂപ വേതനത്തോടെ ഇലക്ട്രീഷ്യനെ നിയമിക്കുന്നതിനായി 02.08.2018 രാവിലെ 11 മണിക്ക് സർവകലാശാല ആസ്ഥാനത്ത് വച്ച് വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു.

യോഗ്യതകൾ

1. എസ്.എസ്.എൽ.സി./തത്തുല്യം
2. ഇലക്ട്രിക്കൽ ഓവർസിയേഴ്സ് കോഴ്സ്/ഐ.ടി.ഐ. പാസ്
3. പ്രവൃത്തി പരിചയം അഭികാമ്യം

നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പും ബയോഡാറ്റയും സഹിതം അന്നേ ദിവസം രാവിലെ 10.30 ന് സർവകലാശാല ആസ്ഥാനത്ത് ഹാജരാകേണ്ടതാണ്. പ്രായം സർക്കാർ നിബന്ധനകൾ പ്രകാരം. നിയമാനുസൃത വയസ്സിളവ് ബാധകമായിരിക്കും. ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാപ്പടി നൽകുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

രജിസ്ട്രാർ ഇൻചാർജ്ജ്